**Chicago Knanaya Catholic Parish Bulletin**
Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
September 5, 2010, Vol. 5, Issue 50
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm





# Congratulations to First Holy Communion and Chrismation Recepients

## First Holy Communion and Chrismation of St. Mary's School on Saturday, September 4th at 4:00 P.M. followed by Dinner at our parish church.

**All are invited in this parish celebration sponsored by the parents of the candidates.**



Alina d/o
Biju & Valsa
Anchakunnathu



Anna d/o
Biji & Bindhu
Edat



Tom s/o
Gino & Jibi
Kakkattil



Hansen s/o
Rajesh & Dolly
Kizhakethil



Justin s/o
Biju & Dolly
Kizhakkekuttu



Ann d/o
John & Litty
Pattapathiyil



Lexiene d/o
Lukachen & Elsamma
Poozhikunnel



Nithya d/o
Mathukutty & Siby
Poozhikunnel



Sera d/o
Sajan & Lizy
Urumbil



Alisha d/o
Saji & Siju
Vellaramkalayil

## Chrismation Candidates



Philip s/o
Biji & Bindhu Edat



Swetha d/o
Sajan & Lizy Urumbil

## പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും തൈലാഭിഷേകവും

നമ്മുടെ മോർട്ടൻ ഗ്രോവിലെ സെന്റ് മേരീസ് പള്ളിയിൽ
സെപ്റ്റംബർ 4 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4:00ന്.
ഫോട്ടോ സെഷൻ 3:00ന്

ഇടവകയുടെ ഈ ആഘോഷത്തിലേയ്ക്കും
മാതാപിതാക്കൾ ഒരുക്കുന്ന സ്നേഹവിരുന്നിലേയ്ക്കും
ഏവരെയും ക്ഷണിക്കുന്നു.

## STAFF

**Pastor: Fr. Abraham Mutholathu Jacob**
**(773) 412-6254 (cell) mutholath2000@yahoo.com**
**Associate Pastor: Fr. Jose Illikunnumpurath**
**(847) 912-5673**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood and Morton Grove and 5:30 P.M. at Morton Grove.**
**MONDAY - FRIDAY 7:00 P.M. Morton Grove.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood and Morton Grove.**

## SYRO-MALANKARA MASS

**Third Saturday of the month at 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and 11:40 A.M. at Morton Grove from September 12th.**

## SACRAMENT OF RECONCILIATION (CONFESSION)

**First and Third Sundays during Mass at Maywood.**
**Second and Fourth Sundays during Mass at Morton Grove.**

## ADORATION

**ALL: First Fridays after Mass at Maywood**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass at both churches.**
**St. Jude on Thursdays at 7:00 P.M. at Morton Grove.**
**St. Michael 3rd Friday of the month after 7:00 P.M. Mass at Maywood.**

## PRAYER GROUP

**Sundays after 10:00 A.M. Mass at Maywood.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass at Maywood.**

## LEGION OF MARY

**1st and Third Saturdays after 10:00 A.M. Mass at Maywood.**




September 2010

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

### SATURDAY, SEPTEMBER 4, 2010

Holy Mass and novena of Our Lady of Perpetual Help at Maywood and Morton Grove at 10:00 A.M
**First Holy Communion and Chrismation at Morton Grove at 4:00 P.M. Photo Session at 3:00 P.M.**

### SUNDAY, SEPTEMBER 5, 2010

Feast Celebration of Blessed Mother Theresa of Calcutta with Ladinge and Holy Mass at Maywood at 10:00 A.M.
Holy Mass at Morton Grove at 10:00 A.M.
Youth Mass for Yuvajana Vedi at Morton Grove at 5:30 P.M.

### MONDAY, SEPTEMBER 6, 2010

Holy Mass at Morton Grove at 7:00 P.M.

### TUESDAY, SEPTEMBER 7, 2010

Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, SEPTEMBER 8, 2010

Feast of Nativity of Our Lady
Holy Mass at Morton Grove at 7:00 P.M.

### THURSDAY, SEPTEMBER 9, 2010

Holy Mass and novena of St. Jude at Morton Grove at 7:00 P.M.

### FRIDAY, SEPTEMBER 10, 2010

Holy Mass at Maywood and Morton Grove at 7:00 P.M.

### SATURDAY, SEPTEMBER 11, 2010

Holy Mass and novena of Our Lady of Perpetual Help at Maywood and Morton Grove at 10:00 A.M

### SUNDAY, SEPTEMBER 12, 2010

Grandparents Day
Reopening of Religious Education Schools at Maywood and Morton Grove.
Holy Mass at Maywood and Morton Grove at 10:00 A.M.
Religious Education Class at Maywood at 10:00 A.M.
Religious Education Class at Morton Grove at 11:40 A.M.
English Mass at Maywood at 11:40 A.M.
Grandparent's Day Celebration by Senior Citizens Ministry at Maywood at 11:40 A.M.
Holy Mass at Morton Grove at 5:30 P.M.

### MONDAY, SEPTEMBER 13, 2010

Holy Mass at Morton Grove at 7:00 P.M.

### TUESDAY, SEPTEMBER 14, 2010

Exaltation of the Cross.
Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, SEPTEMBER 15, 2010

Holy Mass at Morton Grove at 7:00 P.M.

### THURSDAY, SEPTEMBER 16, 2010

Holy Mass and novena of St. Jude at Morton Grove at 7:00 P.M.

### FRIDAY, SEPTEMBER 17, 2010

Holy Mass at Maywood and Morton Grove at 7:00 P.M.

### SATURDAY, SEPTEMBER 18, 2010

Syro-Malankara Holy Mass at Maywood at 10:00 A.M. followed by novena of Our Lady of Perpetual Help.
Holy Mass and novena of Our Lady of Perpetual Help at Morton Grove at 10:00 A.M.
Religious Education Teachers training along with a DCFS Mandatory reporter training at Maywood at 10:00 A.M.
St. Stephen's Koodara Yogam at the house of Surej Kolady, 2123 Horncastle Ln., Naperville.



# വികാരിയുടെ സന്ദേശം

## മറ്റുള്ളവരിലെ നന്മയെ വിലമതിക്കുവാൻ തയ്യാറായാൽ

എന്റെ പ്രിയ സഹോദരങ്ങളേ,

ന്യൂയോർക്കിലെ ഒരു ഹൈസ്കൂൾ അദ്ധ്യാപിക തന്റെ വിദ്യാർത്ഥികളെ, അവരുടെ വ്യത്യസ്ഥ നന്മകളുടെ പേരിൽ വിലമതിച്ച സംഭവം വലിയ പ്രത്യാഖ്യാതമുണ്ടാക്കി. അവർ ഓരോ കുട്ടിയേയും ക്ലാസ്സിനു മുമ്പിൽ വിളിച്ച് വരുത്തിയിട്ട്, അവർ തനിക്കും ക്ലാസ്സിനും ചെയ്ത നന്മകൾ വിലമതിച്ച് സംസാരിച്ചു. തുടർന്ന് Who I Am Makes a Difference എന്ന സ്വർണ്ണ വർണ്ണത്തിലെഴുതിയ നീല റിബൺ അവരെ ധരിപ്പിച്ചു.

കൂടാതെ അവർക്ക് ഒരു പ്രോജക്റ്റ് നല്കിയത് ഇപ്രകാരമായിരുന്നു: അവരെ ധരിപ്പിച്ച വിധമുള്ള മൂന്നു ബാഡ്ജുകൾ വീതം ഓരോ കുട്ടിയ്ക്കും നല്കിയിട്ട്, താൻ വിലമതിക്കുന്ന ഒരാൾക്ക് അംഗീകാരമായി അവയിലൊന്നു ധരിപ്പിക്കുവാനും ബാക്കി രണ്ടെണ്ണം അയാളോട് മറ്റൊരാൾക്ക് അതേ രീതിയിൽ കൈമാറുവാൻ ആവശ്യപ്പെടുവാനും പറഞ്ഞു.

അപ്രകാരം ബാഡ്ജുകൾ കിട്ടിയ ഒരാൾ, തന്നെ തൊഴിൽ മേഖല തെരഞ്ഞെടുക്കുവാൻ സഹായിച്ച ഒരു യുവ ഓഫീസറെ ബാഡ്ജ് ധരിപ്പിച്ചു. അതോടൊപ്പം ബാക്കി രണ്ടു റിബൺ മുൻപറഞ്ഞ നിർദ്ദേശം നല്കി ആ ഓഫീസറെ ഏല്പിച്ചു.

ഈ ചെറുപ്പക്കാരൻ കർക്കശക്കാരനായ തന്റെ മേലുദ്യോഗസ്ഥനെ സമീപിച്ച് ബാഡ്ജ് ധരിപ്പിച്ചിട്ട് മറ്റൊരാൾക്കുകൂടി ബാഡ്ജ് കൈമാറുവാൻ അവസാനത്തേത് ഏല്പിച്ചു. അധികമാരാലും വിലമതിക്കപ്പെടാത്ത തന്നെ അംഗീകരിക്കുവാൻ ഒരു ജീവനക്കാരനെങ്കിലും തയ്യാറായതിൽ അയാൾക്ക് അത്ഭുതമായി. തന്റെ ക്രിയാത്മക പ്രവർത്തനത്തെയായിരുന്നു ചെറുപ്പക്കാരനായ ആ കീഴുദ്യോഗസ്ഥൻ വിലമതിച്ചത്.

ഈ കർക്കശക്കാരനായ ഉദ്യോഗസ്ഥനാകട്ടെ ആർക്കു താൻ ബാഡ്ജ് കൊടുക്കുമെന്ന് ചിന്താക്കുഴപ്പത്തിലായി. അയാൾ അതു വീട്ടിൽ കൊണ്ടുപോയി തന്റെ 14 വയസ്സുകാരൻ മകനെ വിളിച്ച് അടുത്തിരുത്തി വാത്സല്യത്തോടെ, താൻ അവനെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും, ജോലി തിരക്കും തൊഴിൽ പ്രശ്നങ്ങൾക്കുമിടയിൽ തനിക്ക് അവനോടു വേണ്ടവിധം സ്നേഹം പ്രകടിപ്പിക്കുവാൻ കഴിയാതിരുന്നതിലുള്ള ഖേദവും അറിയിച്ചു. എങ്കിലും തന്റെ സ്നേഹ സൂചകമായി ഈ റിബൺ അണിയിക്കുകയാണെന്നു പറഞ്ഞുകൊണ്ട് വികാര നിർഭരമായി അവനെ ആ അംഗീകാര മുദ്ര അണിയിച്ചു.

പിതാവിൽനിന്നു നാളിതുവരെ കാര്യമായ സ്നേഹം കിട്ടാതിരുന്ന ആ മകൻ ഈ പുതിയ സമീപനത്തിൽ അത്ഭുതപ്പെടുകയും വികാരാധീനനായി കരയുകയും ചെയ്തു. നിറകണ്ണുകളോടെ അവൻ പറഞ്ഞു: *ഡാഡീ, ഞാൻ നാളെ രാവിലെ ആത്മഹത്യ ചെയ്യുവാൻ ഒരുങ്ങിയിരിക്കുകയായിരുന്നു. കാരണം ഈ ലോകത്തിൽ ഡാഡി ഉൾപ്പെടെ ആരും എന്നെ സ്നേഹിക്കുകയോ അംഗീകരിക്കുകയോ ഇല്ലെന്നായിരുന്നു ഞാൻ കരുതിയിരുന്നത്. ഡാഡി എന്നെ സ്നേഹിക്കുന്നെന്നറിഞ്ഞ സ്ഥിതിയ്ക്ക് ഇനി എനിക്കു ജീവിക്കണം.*

നമ്മിൽ പലരുടെയും കണ്ണു തുറപ്പിക്കേണ്ട സംഭവ കഥയാണിത്. ജീവിച്ചിരിക്കുമ്പോൾ സ്നേഹം ബാഹ്യമായി പ്രകടിപ്പിക്കുന്ന സംസ്കാരത്തിലല്ല നാം വളർന്നു വന്നത്. മാത്രമല്ല, മറ്റുള്ളവരുടെ നന്മയേക്കാളുപരി തിന്മയെ പെരുപ്പിച്ച് കാണിക്കുന്നവരും, അപ്രകാരം മുഖത്തുനോക്കി ഫലിത രൂപേണയും അല്ലാതെയും സംസാരിക്കുന്നവരുമാണു നമ്മൾ.

വ്യക്തി ജീവിതത്തിലെന്നപോലെ ഇടവകകൾ തമ്മിലും ഇതേ സമീപനം ഉണ്ടാകണം. സേക്രഡ് ഹാർട്ടും സെന്റ് മേരീസും ഇപ്പോൾ രണ്ട് ഇടവകകളാണെങ്കിലും ഷിക്കാഗോയിലെ ക്നാനായ സമുദായത്തിൽ മാനസിക വിള്ളലുകളുണ്ടാക്കുവാൻ അതു കാരണമാകരുത്. ഈ രണ്ടു പള്ളികളും ആരുടെയും സ്വകാര്യ സ്വത്തോ, ഏതെങ്കിലും ഗ്രൂപ്പു പിന്തുണയ്ക്കുന്നതോ അല്ല. രണ്ടും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ തുല്യ ശാഖകളും കത്തോലിക്കാ സഭയുടെ ഘടനയിൽ തുല്യ പ്രാധാന്യമുള്ളവയുമാണ്. അവയെ തമ്മിൽ മത്സരിപ്പിക്കുവാനോ, ചേരിപ്പോരുണ്ടാക്കുവാനോ ആരെങ്കിലും ശ്രമിച്ചാൽ അതിനെ മുളയിലെ നുള്ളിക്കളയുവാൻ നമുക്കു കഴിയണം.

സംഘടനാ രാഷ്ട്രീയത്തിലൂടെ വളർന്നു വന്ന നമ്മൾ അതേ ശൈലിയിലൂടെ ഇടവകയാകുന്ന വിശുദ്ധ പ്രസ്ഥാനത്തിൽ കലഹമുണ്ടാക്കരുത്. ചേരിപ്പോരു കണ്ടു മടുത്തവരാണു നമ്മളും നമ്മുടെ വളരുന്ന തലമുറയും. പ്രകാശം പരത്തേണ്ട ഇടവക കുടുംബ വഴക്കുകളുടേയും ഗ്രൂപ്പു മത്സരങ്ങളുടേയും സങ്കുചിതാവസ്ഥയിൽനിന്ന് വിമുക്തമാകണം.

അപവാദങ്ങൾ സൃഷ്ടിച്ചും പരത്തിയും ക്രൂര വിനോദത്തിൽ ഏർപ്പെടുന്നതിനു പകരം, മേല്പറഞ്ഞ കഥയിലേതുപോലെ, എത്ര തിന്മയുള്ളവരിലും നന്മ കണ്ടെത്തി വൈവിധ്യമാർന്ന കഴിവുകളെയും സംഭാവനകളെയും വിലമതിക്കുന്നതിൽ ഉത്സുകരാകണം. രണ്ടു ഇടവകകളും സംയുക്ത പരിപാടികൾ നടത്തിയും സഹകരിച്ചു പ്രവർത്തിച്ചും നമ്മുടെ ഒരുമ നിലനിർത്തണം. അങ്ങനെ നന്മയുടെ പ്രകാശവും സൗരഭ്യവും കൂടുതൽ പ്രസരിപ്പിക്കുവാൻ നമുക്കു പരിശ്രമിക്കാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം

**സഹകരിക്കാത്തവരോട് നിസ്സഹകരിച്ചു സ്വയം ചെറുതാകാതെ, സഹകരിച്ചു വലുതാകണം.**



# സീറോമലബാർ ആചാരാനുഷ്ഠാനങ്ങൾ

മുൻലക്കം തുടർച്ച

**ധൂപാർപ്പണം** - വളരെ പ്രധാനപ്പെട്ട കർമ്മമാണിത്. ദൈവസന്നിധിയിലേയ്ക്കുയരുന്ന പ്രാർത്ഥനയാണ് ധൂപം സൂചിപ്പിക്കുക. *എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലേക്ക് ധൂപാർച്ചനയായും ഞാൻ കൈകളുയർത്തുന്നത് സായാഹ്നബലിയായും സ്വീകരിക്കണമേ.* (സങ്കീ. 141:2) ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാണ് ധൂപം സമർപ്പിക്കുന്നത്. അതു പാപമോചനത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അടയാളമാണ്. ധൂപാർപ്പണത്തോടു ബന്ധപ്പെട്ട് കുർബാന തക്സായിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളിൽ നിന്നും ഇതിന്റെ അർത്ഥം മനസ്സിലാക്കാം.

സ്വർഗ്ഗീയാരാധനയുടെ പ്രധാനഘടകമായി യോഹന്നാൻ ഇതിനെ കാണുന്നു (വെളി. 5:8, 8:3-4). ദൈവത്തിനുള്ള നമ്മുടെ സമ്പൂർണ്ണമായ സമർപ്പണത്തിന്റെ പ്രതീകമാണത്. പാപമോചനവും അതുവഴിയുണ്ടാകുന്ന ദൈവപ്രസാദവുമാണ് ധൂപാർപ്പണത്തിന്റെ മുഖ്യലക്ഷ്യം. *ഈ ധൂപം നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനും നിദാനമായിത്തീരട്ടെ.*

ധൂപത്തിന്റെ അകമ്പടിയുമായി ബേമ്മയിൽ പ്രവേശിക്കുന്ന കാർമ്മികൻ ദൈവം മോശയോടു പറഞ്ഞത് ഓർമ്മിക്കണം. (പുറപ്പാട് 19:10-11) *ജനങ്ങളെ ഒരുക്കുക. മൂന്നാം നാൾ കർത്താവായ ഞാൻ മലമുകളിലേക്ക് ഇറങ്ങിവരും.* ധൂപം ഇവിടെ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്.

ആനവാതിൽ വരെ ധൂപാർച്ചന നടത്തുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ *എന്റെ കർത്താവേ, പാപിയായ എന്നിൽ കനിയണമേ* എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഇരുകൈകളും കൊണ്ട് ധൂപം തങ്ങളിലേക്ക് ആവഹിച്ചിരുന്നതായി പുരാതന രേഖകൾ സാക്ഷിക്കുന്നു.

**ഉത്ഥാനഗീതം:** ഉത്ഥാനഗീതം മൂന്നു പ്രാവശ്യം പാടുന്നത് സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലും (ഫിലി. 2:10-11) ഉള്ളവർ പാടുന്നതിന്റെ പ്രതീകമായാണ്. ഈ ഗീതം പാടുന്നതും പ്രകാശം മദ്ബഹായിൽ പരക്കുന്നതുമായി ബന്ധപ്പെടുത്തി പ്രകാശത്തിന്റെ ഗീതം എന്ന പേരും ഇതിനുണ്ട്.

ശിമയോൻ കേപ്പായുടെ അധരങ്ങളിലൂടെ ശിഷ്യന്മാർ നടത്തിയ നമ്മുടെ കർത്താവിലുള്ള വിശ്വാസ പ്രഖ്യാപനമാണ് ഈ ഗീതമെന്ന് അബ്ദീശോ പഠിപ്പിക്കുന്നു. ശ്ലീഹന്മാർ പ്രഘോഷിച്ച നമ്മുടെ കർത്താവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് സഭ ആലപിക്കുന്ന *സകലത്തിന്റെയും നാഥാ ...* എന്ന കീർത്തനം.

**മദ്ബഹാവിരി തുറക്കുന്നത്,** ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. സ്വർഗ്ഗം തുറക്കുക എന്നാൽ പരിശുദ്ധ ത്രിത്വത്തെ വെളിപ്പെടുത്തുക എന്നാണ്. മദ്ബഹായുടെ പടികൾ സ്വർഗ്ഗീയ ഗോവണിയാണ്. പഴയ നിയമത്തിൽ യാക്കോബിന്റെ സ്വപ്നത്തിൽ ഇതു കാണുന്നു. വിരി മാറ്റപ്പെട്ട മദ്ബഹാ ഏശയ്യായുടെയും വെളിപാട് ഗ്രന്ഥകർത്താവിന്റെയും മുമ്പിൽ തുറക്കപ്പെട്ട സ്വർഗ്ഗമാണ്. മിശിഹായുടെ ഉത്ഥാനം നമ്മുടെ ഉയിർപ്പിന്റെ ആചാരമായി വിശ്വസിച്ചേറ്റുപറയുന്നു.

ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ മെത്രാൻ



2. **വചനശുശ്രൂഷ:** ഈശോമിശിഹായുടെ പരസ്യജീവിതത്തെ അനുസ്മരിക്കുന്നു.

**ത്രൈശുദ്ധ കീർത്തനം:** *പരിശുദ്ധൻ* എന്നു മൂന്നു പ്രാവശ്യം ആ വർത്തിച്ച് ആലപിക്കപ്പെടുന്നതുകൊണ്ടാണ് ത്രൈശുദ്ധ കീർത്തനം എന്നപേരു പറയുന്നത്. സിറിയൻ ബൈസന്റീൻ റീത്തുകളിൽ വിശുദ്ധഗ്രന്ഥ പ്രദക്ഷിണത്തിനുശേഷവും കോപ്റ്റിക്, എത്യോപ്യൻ റീത്തുകളിൽ ലേഖന വായനയ്ക്കുശേഷവും ത്രൈശുദ്ധ കീർത്തനം പാടുന്നു. അർമേനിയൻ റീത്തിൽ സുവിശേഷ പ്രദക്ഷിണ സമയത്ത് ഇതാലപിക്കുന്നു. അതാവർത്തിക്കപ്പെടുന്നത് മാലാഖമാരോടു ചേർന്ന് നാമും ആലപിക്കുന്നു എന്നു സൂചിപ്പിക്കാനാണ്.

മനുഷ്യർ അശുദ്ധരാണെന്ന ചിന്തയോടെ ദൈവത്തിന്റെ പരിശുദ്ധി പ്രഘോഷിക്കുന്നു. മാലാഖമാരുടെ വിശ്രമമില്ലാത്ത ദൈവസ്തുതിയാണ് ത്രൈശുദ്ധ കീർത്തനം. സ്വർഗ്ഗവും ഭൂമിയും ഒന്നു ചേരുന്ന അവസരമാണിത്. പരമ പരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിൽ വിശുദ്ധീകരണത്തിനായി നില്ക്കുന്ന ആരാധനാസമൂഹം.

**വായനകൾ:** നാലു വായനകളാണ് നമ്മുടെ കുർബാനയിലുള്ളത്. രണ്ടു പഴയനിയമ വായനകൾ (മിശിഹായുടെ രഹസ്യജീവിതം), രണ്ടു പുതിയനിയമ വായനകൾ (മിശിഹായുടെ പരസ്യജീവിതം).

പഴയനിയമ വായനകളിൽ ആദ്യത്തേത് പഞ്ചഗ്രന്ഥിയിൽ നിന്നും (നിയമഗ്രന്ഥം - മോശ), രണ്ടാമത്തേത് പ്രവാചകന്മാരിൽ നിന്നുമാണ്. പഴയനിയമ വായനകൾ ഇടതു വശത്തെ പീഠത്തിൽ നിന്നാണ്. മൂശെയുടെ നിയമങ്ങളുടെയും പ്രവചനങ്ങളുടെയും അർത്ഥം കണ്ടെത്തേണ്ടത് മിശിഹായിലാണ്. അതായത് ഈ വായനകൾ വിശ്വാസസമൂഹത്തെ മിശിഹായിലേക്കു നയിക്കുന്നു. *നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന* എന്ന് മിശിഹാ തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

**ശൂറായ (പ്രാരംഭ ഗീതം):** പഴയനിയമത്തിലെ വായനകൾക്കു ശേഷം പാടുന്ന സ്തുതിഗീതം. ദൈവമഹത്വത്തെ വാഴ്ത്തിപ്പാടുന്ന സങ്കീർത്തന വാക്യങ്ങളാണ് ഇതിന്റെ ഉള്ളടക്കം. പ്രപഞ്ചത്തോടു ചേർന്ന് സഭ സ്രഷ്ടാവിനെ മഹത്വപ്പെടുത്തുന്നു.

**ഊർഗാമ (വ്യാഖ്യാനഗീതം):** വായിക്കാൻ പോകുന്ന ലേഖന ഭാഗത്തിന് ആമുഖമായുള്ള ധർമ്മോപദേശം. ജീവനും വെളിച്ചവും രക്ഷയും പകർന്നു തരുന്ന വചനത്തെ എതിരേല്ക്കുന്ന വേളയാണ് വചനശുശ്രൂഷയുടേതെന്ന് ഊർഗാമ വ്യക്തമാക്കുന്നു.

(Continued on page 5)

*(Continued from page 4)*

**എങ്കർത്താ (ലേഖനം):** മൂന്നാം വായനയാണിത്. ആഘോഷമായ കുർബാനയിൽ ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു. സിനഗോഗിൽ നിയമഗ്രന്ഥവും പ്രവാചകഗ്രന്ഥവും വായിച്ചതിനു ശേഷം പൗലോസ് ശ്ലീഹാ തന്റെ വ്യാഖ്യാനം നല്കുന്നുണ്ടല്ലോ. പൗലോസിന്റെ ലേഖനങ്ങളെല്ലാം മിശിഹായെ ക്കുറിച്ചുള്ള പ്രഘോഷണമാണല്ലൊ.

പൗലോസ് ശ്ലീഹാ ഇന്നും ലേഖനഭാഗത്തിലൂടെ നമ്മെ പഠിപ്പിക്കുകയാണ്. അപ്പസ്തോലന്മാരുടെയും അവരെ അയച്ച മിശിഹായുടെയും ലിറ്റർജിയിലെ സജീവ സാന്നിദ്ധ്യം വി. ഗ്രന്ഥത്തോടുള്ള ബഹുമാനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ലേഖനംവഴി അപ്പസ്തോലന്മാർ നമ്മളെ പഠിപ്പിക്കുന്നു.

റോമാക്കാർക്കായി പൗലോസ്
എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ
ദൈവികദൗത്യം അറിയിപ്പതുനാം
കേൾക്കുക യുക്തം.

**സുമ്മാറ - ഹല്ലേലൂയ്യാ ഗീതം:** കർത്താവിനെ സ്തുതിക്കുക എന്ന അർത്ഥത്തിൽ പഴയനിയമ ജനത ഉപയോഗിച്ചിരുന്ന സ്തോത്രഗീതമാണിത്. ഉത്ഥിതനായ ഈശോയുടെ വചനങ്ങൾ ശ്രവിക്കുവാൻ തയ്യാറാകുന്ന ആരാധനാ സമൂഹത്തിന്റെ സന്തോഷ പ്രകടനമാണ് ഈ ഗീതം.

**സുവിശേഷ ഗീതം:** വചനത്തെക്കുറിച്ചും ഈശോയെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും സുവിശേഷകന്മാരെക്കുറിച്ചുമുള്ള സ്തുതി ഗീതം.

**തുർഗാമ - വ്യാഖ്യാനഗീതം:** ദൈവവചനത്തെക്കുറിച്ചുള്ള മനോഹരമായ ഒരു പ്രബോധനമാണിത്. ആദ്യഭാഗത്ത് ദൈവവചനത്തിന്റെ നിരവധിയായ സവിശേഷതകൾ പറയുന്നു. ഈശോയുടെ മനുഷ്യാവതാരം, പരസ്യജീവിതം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കൽ, സുവിശേഷപ്രഘോഷണ ദൗത്യം ഇവയെക്കുറിച്ച് വിവരിക്കുന്നു.

**സുവിശേഷ പ്രദക്ഷിണം:** സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള മിശിഹായുടെ ആഗമനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. കാർമ്മികൻ സുവിശേഷ ഗ്രന്ഥമെടുത്ത് തന്റെ മുഖം മറച്ച് സ്ലീവാ, ധൂപകലശം, തിരികൾ ഇവ വഹിക്കുന്ന ശുശ്രൂഷികളോടുകൂടെ പ്രദക്ഷിണമായി ബേമ്മായിലേക്ക പോകുന്നു. സുവിശേഷം വായിക്കുമ്പോൾ ഈശോ തന്നെയാണ് സംസാരിക്കുന്നത്. *ദൈവം തന്നെയാണ് സംസാരിക്കുന്നത്* എന്ന് അർമ്മേനിയൻ ലിറ്റർജിയിൽ സമൂഹം ഏറ്റുപറയുന്നു.

**നാലാം വായന:** സുവിശേഷത്തിൽ നിന്നും. കാർമ്മികൻ സുവിശേഷ ഗ്രന്ഥം കൊണ്ട് ആശീർവദിക്കുമ്പോൾ സമൂഹം സ്ലീവായുടെ അടയാളത്താൽ സ്വയം ആശീർവദിക്കുന്നു. വായനയ്ക്കു ശേഷം സുവിശേഷം ബലിപീഠത്തിൽ വയ്ക്കുന്നു. റാസയിലാണെങ്കിൽ ബേമ്മായിലും. വചനമായ കർത്താവു നിർവ്വഹിക്കുന്ന രക്ഷയുടെ ശുശ്രൂഷ എന്ന നിലയിൽ വചനശുശ്രൂഷയെ കാണാനാണ് പൗരസ്ത്യസുറിയാനി പാരമ്പര്യം ആഹ്വാനം ചെയ്യുന്നത്. വചനശുശ്രൂഷ യഥാർത്ഥത്തിൽ കാരോസൂസാകളുടെ (പ്രഘോഷണങ്ങളുടെ) ഒരു പരമ്പരയാണ്. പഴയനിയമ വായനകൾ മിശിഹായെ പ്രതിരൂപങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ലേഖനങ്ങൾ ശ്ലീഹായുടെ ദൈവാനുഭവത്തിലൂടെയും സുവിശേഷവായന സുവിശേഷകന്റെ മിശിഹാനുഭവത്തിലൂടെയും സംസാരിക്കുന്നു.

**ദൈവവചന വ്യാഖ്യാനം:** അപ്പത്തിന്റെ മേശയിൽ അപ്പം മുറിക്കുമ്പോൾ ഈശോ കാണണമെങ്കിൽ വചനത്തിന്റെ മേശയിൽ വചനം വ്യാഖ്യാനിക്കുമ്പോൾ വിശ്വാസികളുടെ ഹൃദയം ജ്വലിക്കണം. വചനം ജീവദായകമായ ആത്മാവാണ്. പഴയനിയമ - പുതിയനിയമ വായനകളുടെ വെളിച്ചത്തിൽ നടത്തുന്ന വചന വിശദീകരണം. വചനവ്യാഖ്യാനം ആവശ്യഘടകവും പരിശുദ്ധ കുർബാനയുടെ ഭാഗവുമാണ് (വത്തിക്കാൻ സൂനഹദോസ്, ലിറ്റർജി, 35).

**കാറോസൂസ:** പ്രഘോഷണമെന്നാണ് കാറോസൂസായുടെ അർത്ഥം. വിശ്വാസപ്രഘോഷണവും ജീവിതസാക്ഷ്യവും ക്രിസ്തീയതയുടെ ഏറ്റുപറച്ചിലുമാണിത്. കാറോസൂസാ സ്വകാര്യ പ്രാർത്ഥനയ്ക്കുള്ള അവസരമല്ല.

ദൈവം ആരാണെന്നും അവിടുന്ന് എന്തു പഠിപ്പിക്കുന്നുവെന്നും വിശുദ്ധ ഗ്രന്ഥവായനയിലൂടെ നാം മനസ്സിലാക്കി. അങ്ങനെ വിശുദ്ധഗ്രന്ഥത്തിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ ഏറ്റുപറയുകയും അവിടുന്ന് ലോകത്തിൽ അറിയപ്പെടുന്നതിനും അവിടുത്തെ തിരുമനസ്സ് പ്രാവർത്തികമാകുന്നതിനുമായി കാറോസൂസായിൽ പ്രാർത്ഥിക്കുന്നു.

**ഒരുക്കശുശ്രൂഷ:** വിശുദ്ധ കുർബാനയിൽ വചന ശുശ്രൂഷയ്ക്കും അനാഫൊറായ്ക്കും ഇടയ്ക്കുള്ള ഭാഗമാണിത്. ബലിവസ്തുക്കൾ സജ്ജീകരിച്ചിരിക്കുന്നതും കുർബാനയ്ക്കുശേഷം തിരുപ്പാത്രങ്ങൾ വെടിപ്പാക്കുന്നതും ബേസ്ഗസ്സാ *(House of Treasures)* കളിലാണ്. ബലിപീഠം ബലിക്കു മാത്രമുള്ള സ്ഥലമാണ്. അവിടെ വച്ച് ബലിവസ്തുക്കൾ ഒരുക്കരുത്. ബലിവസ്തുക്കൾ ബലിപീഠത്തിലേക്ക് സംവഹിക്കുന്ന പ്രദക്ഷിണത്തിന്റെ പ്രതീകാത്മക അർത്ഥം, ബലിപീഠത്തിൽ വച്ച് ബലിവസ്തുക്കൾ ഒരുക്കിയാൽ, നഷ്ടമാകും. വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗമായ അനാഫൊറായുടെ അടുത്ത ഒരുക്കമാണിത്. ദ്രവ്യപരമായ ഒരുക്കം, ആത്മീയമായ ഒരുക്കം എന്നീ രണ്ടു ഘടകങ്ങൾ ഈ ഭാഗത്തുണ്ട്.

**ദ്രവ്യപരമായ ഒരുക്കം**

1) കാസായും പീലാസായും ഒരുക്കുന്നത്.
2) അൾത്താരയിലേക്ക് സംവഹിക്കുന്നത്.
3) അൾത്താരയിൽ സ്ഥാപിക്കുന്നത്.
4) ശോശപ്പകൊണ്ട് മൂടുന്നത്.

**ആത്മീയമായ ഒരുക്കം**

1) കൈ കഴുകൽ
2) ദിവ്യരഹസ്യ ഗീതം
3) വിശ്വാസപ്രമാണം
4) ശുശ്രൂഷിയുടെ കാറോസൂസ
5) സമാധാനാശംസ

**1. കാസായും പീലാസായും ഒരുക്കുന്നത്**

കാസായും പീലാസായും ധൂപിച്ച് പരിശുദ്ധ ത്രിത്വത്തിന്

*(Continued on page 6)*

*(Continued from page 5)*

സമർപ്പിക്കുന്നു. നാം എന്തെങ്കിലും ദൈവത്തിന് സമർപ്പിക്കുമ്പോൾ അത് അവിടുത്തെ ഉപയോഗത്തിനായി മാറ്റിവയ്ക്കുകയാണ്. ദൈവീകമണ്ഡലത്തിൽ അത് സ്ഥാപിക്കപ്പെടുന്നു. ദൈവത്തിന്റേതായിത്തീർന്നുകൊണ്ട് അത് അവിടുത്തെ പരിശുദ്ധിയിൽ പങ്കുപറ്റി പരിശുദ്ധമാകുന്നു.

കാസായിലെ തിരുരക്തവും പീലാസായിലെ അപ്പവും ഈശോയെയാണ് പ്രതീകവത്കരിക്കുന്നത്. ഭൂതം, വർത്തമാനം, ഭാവി തുടങ്ങിയ ഭൗതികാശയങ്ങളുടെ വെളിച്ചത്തിൽ കുർബാനയെ വിലയിരുത്താൻ സാധിക്കുകയില്ല. നമ്മുടെ കർത്താവീശോമിശിഹായുടെ കാസായിൽ അവിടുത്തെ അമൂല്യമായ രക്തം ഒഴിക്കപ്പെടുന്നു. *വീഞ്ഞ് കർത്താവിന്റെ രക്തവും വെള്ളം ദൈവജനവുമാകുന്നു. വീഞ്ഞും വെള്ളവും ഒത്തുചേരുന്നതുപോലെ മിശിഹായും ദൈവജനവും ഒന്നുചേരുന്നു* (വി. സിപ്രിയാൻ). മിശിഹായുടെ പീഠാനുഭവവും മരണവും വഴി മനുഷ്യകുലത്തിന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളുടെയും കൃപയുടെയും പ്രതീകമായിട്ടാണ് അവിടുത്തെ പാർശ്വത്തിൽ നിന്നു ചൊരിഞ്ഞ രക്തത്തെയും ജലത്തെയും പിതാക്കന്മാർ കണ്ടത്. ബലിവസ്തുക്കൾ മിശിഹായെയും ആരാധനാസമൂഹത്തെയും പ്രതീകവത്കരിക്കുന്നു.

പീലാസാ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരം കൊണ്ട് റൂശ്മ ചെയ്യപ്പെടുന്നു. പുരോഹിതൻ ആദ്യജാതനെ എടുത്ത് പീലാസായിൽ വയ്ക്കുന്നു. ഇത് ഈശോ പീഡാസഹനത്തിന് ഏല്പ്പിക്കപ്പെടുന്നതിന്റെ പ്രതീകമാണ് *(ലൂക്കാ 2:6, 7; റോമാ. 8:29).* നമ്മൾ ആഘോഷിക്കുന്ന സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങൾ സമയത്തിനും കാലത്തിനും അതീതമാണ്. സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങൾ എപ്പോഴും വർത്തമാനകാലത്തിലാണ്.

കാറോസൂസ പ്രാർത്ഥനയ്ക്ക് ഇടയ്ക്കാണ് കാസായും പീലാസായും ഒരുക്കുന്നത്. കാറോസൂസാ പ്രാർത്ഥനയ്ക്കുശേഷം പുരോഹിതൻ ബേമ്മായിൽ കൈവിരിച്ചുപിടിച്ച് പ്രാർത്ഥിക്കുന്നു. ഇത് കുരിശിൽ കിടന്നു പ്രാർത്ഥിക്കുന്ന ഈശോയെ പ്രതീകവത്കരിക്കുന്നു. ആദം കൈനീട്ടി വിലക്കപ്പെട്ട പഴം പറിച്ചു. രണ്ടാം ആദമായ ഈശോ കുരിശിൽ കൈകൾ വിരിച്ച് പാപത്തിന് പരിഹാരം ചെയ്തു.

വിശ്വാസികളുടെ കുർബാനയ്ക്കുമുമ്പ് മാമ്മോദീസാ സ്വീകരിക്കാത്തവരെ ആശീർവ്വാദം കൊടുത്ത് പറഞ്ഞയച്ചിരുന്നു. ജ്ഞാനസ്നാനാർത്ഥികൾ ഇല്ലാതെ വന്നതോടുകൂടി ആരധനാ സമൂഹത്തിന്റെ മേലുള്ള ആശീർവ്വാദമായി ഇതു മാറി. ഈ ആശീർവ്വാദ പ്രാർത്ഥന നമ്മുടെ കർത്താവ് യഹൂദന്മാരാൽ പിടിക്കപ്പെടുന്നതിനു മുമ്പ് ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു പ്രാർത്ഥിച്ചതിനെ പ്രതീകവത്കരിക്കുന്നു. ആരാധനാസമൂഹം ഏകശരീരമായി സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ത്രിത്വൈക ദൈവത്തിന് അർപ്പിക്കുന്നതോടുകൂടി കൈവയ്പ്പ് പ്രാർത്ഥന അവസാനിക്കുന്നു. *(തുടരും)*

## MANDATORY TEACHERS TRAINING

There will be a mandatory teachers (Adults and Youth) training along with a DCFS Mandatory reporter training at Sacred Heart Church on Saturday, 18th starting at 10:00 A.M.

Only those who attend this training will be permitted to teach.



# FEAST CELEBRATION OF BLESSED MOTHER TERESA OF CALCUTTA

**Mother Teresa of Calcutta was born on August 26, 1910 and died on September 5, 1997. As we are in the centenary year of her birth, we will celebrate her feast on Sunday, September 5th at 10:00 A.M. at Maywood church. We will dedicate all over children under her care.**

1910 ആഗസ്റ്റ് 26ന ജനിച്ച് 1997 സെപ്റ്റംബർ 5ന് സ്വർഗത്തിലേയ്ക്കുയർന്ന കൽകത്തയിലെ മദർ തെരേസയുടെ ഈ ജന്മ ശതാബ്ദി വർഷത്തിലെ തിരുന്നാൾ മേവുഡ് പള്ളിയിൽ സെപ്റ്റംബർ 5 ഞായറാഴ്ച രാവിലെ 10:00ന് ആചരിക്കുന്നതാണ്. അന്ന് ലദീഞ്ഞ്, കുർബാന എന്നിവയെ തുടർന്ന് കുട്ടികളെ മദർതെരേസായ്ക്കു സമർപ്പിച്ചു പ്രാർത്ഥിക്കുന്നതുമാണ്. ഏവർക്കും സ്വാഗതം.

## RELIGIOUS EDUCATION SCHOOLS FROM SEPTEMBER 12TH

## REGISTER FOR RELIGIOUS EDUCATION

Registration for Sacred Heart Religious Education School at Maywood and St. Mary's Religious Education School at Morton Grove are in progress. Please fill up the application form for both new and on-going students and submit it to our DREs along with the fees. Application forms are available after Holy Mass and at our parish website: www.knanayaregion.us/chicago

## TEACHERS AND VOLUNTEERS NEEDED

Those who would like to serve as teachers or as volunteers, please contact the DREs.




© J. S. Paluch Co., Inc.

## READINGS & READERS — ഏലിയ-സ്ലീവാ-മൂശ കാലങ്ങൾ

| | September 5 | SACRED HEART | ST. MARY'S 10:00A |
|---|---|---|---|
| 1 | Deut. 7: 7-11 | Joy Pullorkunnel | Teena Kalacherry |
| 2 | 2 Thes. 2:15-3:5 | Vanessa Indikuzhy | Alice Madathiparampil |

## READINGS & READERS — ഏലിയ-സ്ലീവാ-മൂശ കാലങ്ങൾ

| | September 12 | SACRED HEART | ST. MARY'S 10:00A |
|---|---|---|---|
| 1 | Isaiah 33: 13-24 | TBA | Felix Poothrukkayil |
| 2 | Philip 2: 1-11 | TBA | Cimi Kizhakkekuttu |

## RETREAT FOR ADULTS AND YOUTH AT MORTON GROVE

We will have a special retreat as a part of the Centenary Celebrations of the Archdiocese of Kottayam. The retreat will be organized for Sacred Heart and St. Mary's Knanaya Catholic Parishes.

It will be held at Morton Grove Church as follows: Thursday September 30th 6:30 P.M. to 9:00 P.M., Friday, October 1, from 2:00 P.M. to 9:00 P.M., Saturday from 10:00 A.M. to 7:00 P.M. and Sunday from 10:00 A.M. to 7:00 P.M. Team Leaders:
**Rev. Fr. Tom Kunnumpuram** for adults and youth, **Bro. Sunny Stephen** and **Aravindakshamenon** for adults, **Hector Louis** for youth, and **Rani Hector** for children.





| OFFERINGS | Aug. 29 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena | 482.50 |
| Sunday 10:00 A.M. | 967.36 |
| Sunday 5:30 P.M. | 477.00 |
| Religious Education | 10,550.00 |
| Building Fund | 60.00 |
| Auction | 85.00 |
| **TOTAL ST. MARY'S** | **12,621.86** |
| **SACRED HEART, MAYWOOD** | |
| Regular Mass | 1,279.00 |
| Guadalupe Shrine | 57.00 |
| Sunday Bulletin | 500.00 |
| Auction | 95.00 |
| Ranchi | 200.00 |
| **TOTAL MAYWOOD** | **2,131.00** |
| **AGAPE MOVEMENT** | |
| Maywood Store | 71.00 |
| Morton Grove Store | 120.00 |
| Bulletin Donation | 75.00 |
| **TOTAL AGAPE** | **266.00** |

## AUDITORIUM AVAILABLE

Our auditorium at Morton Grove church is available for your functions.

For reservations, please contact Biju Kizhakkekuttu at 773-255-9777 with advance payment.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

## Wedding Bann

Benny Mathew s/o Mathew and Thresiamma Puthiyadath (Areekkara) from Knanaya Catholic Parish, Chicago with Jenny T. Cherucheril d/o Thomas and Susy Cherucheril (Kumarakom) from Knanaya Catholic Mission of Minnesota to be held on May 21, 2011. (2/3)

## Pre-Marriage Course

Marriage Preparation Course will be held from October 22nd to 24th at our Morton Grove Church. Please register with the Family Commission by contacting Tonny Pullappally at 630-205-5078.






*Your Rehab Specialists*



**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.
Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

